# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വട്ടംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .എം.പി.എം.10/2525/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .എം.പി.എം.10/2525/23 തീയ്യതി: 20/12/2023

## മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 05-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ.കെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൾ ഗഫൂർ.സി,ഓഡിറ്റ് ഓഫീസർ

ശ്രീ.യൂസഫ് പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷജീർ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. വിനീത പി പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കഴുങ്കിൽ മജീദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.അഞ്ജലി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 19-04-2022 |
| ശ്രീ.ജ്യോതിഷ് കുമാർ കെ.വി | സെക്രട്ടറി | 20-04-2022 | 02-10-2022 |
| ശ്രീ.ഹരിദാസൻ പി എസ് | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അഞ്ജലി.ജെ | അസി.സെക്രട്ടറി | 01-04-2022 | 06-12-2022 |
| ശ്രീമതി.സജ്ജയ പി | അസി.സെക്രട്ടറി | 07-12-2022 | 31-03-2023 |
| ശ്രീ.സന്തോഷ് കുമാർ എം.കെ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.രാകേഷ് കുമാർ | വി ഇ ഒ | 01-04-2022 | 15-07-2022 |
| ശ്രീ.ജിനേഷ് | വി ഇ ഒ | 16-07-2022 | 29-11-2022 |
| ശ്രീ.ശ്രീജിത്ത് എസ് ആർ | വി ഇ ഒ | 30-11-2022 | 31-03-2023 |
| ഡോ.മനോജ് സി ജെ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ഗായത്രീ രാജശേഖരൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അമീന ഒ.കെ | മെഡിക്കൽ ഓഫീസർ–പി.എച്ച്.സി | 01-04-2022 | 10-04-2022 |
| ഡോ.സുചിത്ര. പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11-04-2022 | 15-05-2022 |
| ഡോ. മുഹമ്മദ് ഫസൽ എം എച്ച് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 16-05-2022 | 31-03-2023 |
| ഡോ.ഇ.കെ.ഷീന | മെഡിക്കൽ ഓഫീസർ–ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് നസീം.ഇ.പി | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീജേഷ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദുമോൾ വി കെ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണേന്ദു മോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. | 1-1-4 |
| 6 | ഗ്രാന്റിനങ്ങളുടെ ACR സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ലോൺ ഹെഡിൽ തുക തെറ്റായി രേഖപ്പെടുത്തി | 1-1-6 |
| 8 | ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതിയിട്ടില്ല | 1-1-7 |
| 9 | ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-10 |
| 12 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ മുഴുവനായി ഹാജരാക്കിയില്ല | 1-1-11 |
| 13 | എസ് ബി ഐ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | ഫണ്ടിനങ്ങളിലെ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-4-1 |
| 18 | ACR,AFS ലെ ചെലവിനങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-4-2 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപെൻഷൻ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 26 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 27 | കെട്ടിടത്തിന് ചട്ടപ്രകാരമുള്ള കയറ്റ്, ഇറക്ക് സ്ഥലം ഏർപ്പെടുത്തിയില്ല | 1-13 |
| 28 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. | 1-14 |
| 29 | മരുന്ന് മുഴുവൻ ലഭ്യമായില്ല | 1-15 |
| 30 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 31 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ -പൂർത്തീകരണ വിവരം ലഭ്യമല്ല | 1-17 |
| 32 | പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് നൽകിയത് -തുടർ നടപടി വിവരം ലഭ്യമല്ല | 1-18 |
| 33 | വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ | 1-19 |
| 34 | ക്രമവത്ക്കരണ അപേക്ഷകൾ - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 1-20 |
| 35 | റോഡ് തരം തെറ്റായി രേഖപ്പെടുത്തി | 1-21 |
| 36 | ക്രമവത്ക്കരണ ഫീ കുറവായി ഈടാക്കി | 1-22 |
| 37 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിക്കാണുന്നില്ല. | 1-23 |

| | | |
|---|---|---|
| 38 | അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-24 |
| 39 | ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല. | 1-25 |
| 40 | ക്യാഷ് ബുക്കിലെ Closing Balance ന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 41 | മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-27 |
| 42 | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-28 |
| 43 | ടെണ്ടർ നടപടികൾ കൂടാതെ വാട്ടർ പ്യൂരിഫയർ വാങ്ങി | 1-29 |
| 44 | വാട്ടർ ATM പ്രവർത്തിക്കുന്നില്ല | 1-30 |
| 45 | ടെക്നിക്കൽ സർവീസ് - ആദായ നികുതി പിടിച്ച് അടവാക്കിയിട്ടില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് **1994** ലെ സെക്ഷൻ **215(4)** പ്രകാരം**,** കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ **2011, KSAD** ഓഡിറ്റ് മാന്വൽ ചാപ്റ്റർ **4.2.1 & 11.3,** സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് **,**ധനകാര്യ കമ്മീഷൻ**,** മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് വട്ടംക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **20.07.2023** ലെ **3(2)** തീരുമാന പ്രകാരം തയ്യാറാക്കി **01.08.2023** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള വട്ടംക്കുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് **2023** ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് **&** പെയ്മെന്റ് സ്റ്റേറ്റ്മെന്റ് **,** ഇൻകം**&** എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്**.** ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്**.** ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം**.**

**Ii)C&AG** ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും **C&AG** നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്**.** സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു**.** സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു**.** ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു**.** എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു**.**

**iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും **,** അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും**,** അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു**.**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, വട്ടംക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:20-12-2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 2498745/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 9429487/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷന് പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-1-4 ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-5 ഗ്രാന്റിനങ്ങളുടെ ACR സൂക്ഷിച്ചിട്ടില്ല

താഴെ ചേർത്ത ഗ്രാന്റിനങ്ങളുടെ പ്രത്യേക ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B4 ഷെഡ്യൂളുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

| ഗ്രാന്റിനം | തുക |
|---|---|
| Total Sanitation Campaign | 422383 |
| Vimukthi Grant | 5800 |
| ICDS | 698543 |
| Grant From Suchitwa Mission | 2280788 |

### 1-1-6 ലോൺ ഹെഡിൽ തുക തെറ്റായി രേഖപ്പെടുത്തി

RP-31 Secured Loan (R) -330500201 ഹെഡിൽ വായ്പയിനത്തിലുള്ള പലിശയാണ് (14091 രൂപ) രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-7 ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതിയിട്ടില്ല

പെർമ്മിറ്റ് , ലൈസൻസ്, തൊഴിൽ നികുതി എന്നീ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 1-1-8 ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

### 1-1-9 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

### 1-1-10 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| Sl.No. | Voucher Date | Instrument Date | Amount |
|---|---|---|---|
| 1 | 30.04.2022 | 30.04.2022 | 442 |
| 2 | 31.03.2022 | 31.03.2022 | 18000 |

(അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/10.11.23 ന് മറുപടി ലഭ്യമായില്ല)

### 1-1-11 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ മുഴുവനായി ഹാജരാക്കിയില്ല

Punjab National Bank-( 4268000100062490) , Punjab National Bank-( 6250) , KERALA GRAMIN BANK- (6204), Punjab National Bank Secheme-1-( 4268000100103155) എന്നീ ബാങ്കുകളുടെ പാസ് ബുക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നുണ്ടോ യെന്ന്

പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-12 എസ് ബി ഐ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

SBI (38058025642)- 31.03.2023 ലെ നീക്കിയിരിപ്പ്

| AFS പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം |
|---|---|
| 283468 | 253163 |

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം 1 (1)/24.03.2022 | പുതുക്കിയിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36843847 |
| വരവ് | 221183360 |
| ആകെ | 258027207 |
| ചെലവ് | 211753873 |
| നീക്കിയിരിപ്പ് | 46273334 |

നോട്ട്:- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേമെന്റ് പത്രികയിലെ തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഗ്രാന്റ് വിനിയോഗം

| **ഫണ്ടിനം** | **മുൻബാക്കി** | **വരവ് തുക** | **ആകെ തുക** | **ചെലവ് തുക** | **നീക്കിബാക്കി** |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20171278 | 20171278 | 20167479 | 3799 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11757587 | 11757587 | 11757587 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22266000 | 22266000 | 11063231 | 11202769 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5654000 | 5654000 | 4171757 | 1482243 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - **Tied** | 0 | 10427412 | 10427412 | 7010556 | 3416856 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 6386079 | 6386079 | 5679976 | 706103 |

## 1-4-1 ഫണ്ടിനങ്ങളിലെ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവിനങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | Grant Statement | ACR |
|---|---|---|
| Dvpt(general) | 23074763 | 20167479 |
| Dvpt(Scp) | 13491000 | 11757587 |
| CFC(Untied) | 5494210 | 5679976 |

## 1-4-2 ACR,AFS ലെ ചെലവിനങ്ങൾ പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം (I6+B3) | വ്യത്യാസം |
|---|---|---|---|
| Development Fund (General) | 20167479 | 23941469 | 3773990 |
| Development Fund (SCP) | 11757587 | 12624294 | 866707 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 201 | 151325099 | 139 | 84257129 | 7 | 62 | 56% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| **ഇനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരുപ്പ്** |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1548049 | 1548049 | 1548049 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36119358 | **36119358** | 36119358 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 2128000 | 1376 |
| വിധവാപെൻഷൻ | 15454200 | 9744 |
| വാർദ്ധക്യകാലപെൻഷൻ | 34292800 | 22192 |
| വികലാംഗപെൻഷൻ | 4888000 | 3112 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള സഹായം | 1105400 | 719 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2023 ന് 3:10 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7019/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വസ്തു നികുതി കുടിശ്ശിക വരുത്തിയ നികുതിദായകരിൽ നിന്ന് നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കേണ്ടതും, റിപ്പോർട്ടുകൾ പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.
3. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/2022 | 01/22,02 /22,03/22 | 30/05/2022 |
| എ.ജി ഓഡിറ്റ് | 12-05-2008 To 24-05-2008 | 2007-2008 | 04/07/2008 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി വട്ടംക്കുളം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). <u>ബജറ്റ്</u>

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് |
|---|---|---|
| Property Tax | 105,00,000 | 2753216 |
| Profession Tax | 55,00,00 | 4300658 |
| Licence Fees | 6,00,000 | 332,920 |
| Building Permit | 25,00,000 | 291966 |

<u>വസ്തുനികുതി.</u>

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വട്ടംക്കുളം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച് കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച് കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 28.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 6/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് പഞ്ചായത്ത് സമിതി യോഗം 6/5നമ്പർ തീരുമാന പ്രകാരം 28.04.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 29.09.2023 ന് 9/1 തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

6). പുതുക്കിയ വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പഞ്ചായത്താഫീസ്, മറ്റ് സ്ഥാപനങ്ങളിലും, ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

7). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008

തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ 1 റേഷൻ കടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 332,920/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 1/6.11.2023)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കിഴിച്ച് ബാക്കി തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, തുടർനടപടി ഫയൽ/പുനരഭിപ്രായക്കുറിപ്പ്,സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പദ്ധതി വിവരം,മുൻകൂർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം. | പ്രൊജക്ട് /പ്രവൃത്തി | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | കുടിവെള്ളപദ്ധതി (വൗച്ചർ.24/19.2.13) | 2012-13 | KWA | 1137169 | വിവരം ലഭ്യമല്ല | 1137169 |
| 2 | ഇലക്ട്രിക് പുനർവിന്യാസം (വൗച്ചർ.43/31.3.13) | 2012-13 | KSEB | 38776 | വിവരം ലഭ്യമല്ല | 38776 |
| 3 | 186/16,പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് കം ഓഡിറ്റോറിയം | 2015-16 | കോസ്റ്റ് ഫോർഡ് | 3000000 | വിവരം ലഭ്യമല്ല | 3000000 |
| 4 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(വൗച്ചർ 51600481/26.8.16) | 2016-17 | KSEB | 28398 | വിവരം ലഭ്യമല്ല | 28398 |
| 5 | പൈപ്പ് ലൈൻ നീട്ടൽ (പ്രൊ.നം.208/17) | 2016-17 | KWA | 110000 | വിവരം ലഭ്യമല്ല | 110000 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഡെപ്പോസിറ്റ് പ്രവൃത്തി (വൗച്ചർ21600545) | 2017-18 | GWD | 219868 | 99940 | 119928 |
| 7 | പ്രൊജക്ട് നം.353/18ബയോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ | 2017-18 | കോസ്റ്റ്ഫോർഡ് | 663564 | വിവരം ലഭ്യമല്ല | 663564 |
| 8 | 259/19,വിവിധ അംഗനവാടികൾക്ക് വൈദ്യുതികരണം | 2018-19 | KSEB | 100000 | 35402 | 64598 |
| 9 | പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് കം ഓഡിറ്റോറിയം (ഡി.ഡി.നം - 415281/27.9.18) | 2018-19 | കോസ്റ്റ് ഫോർഡ് | 21,87,095 | വിവരം ലഭ്യമല്ല | 21,87,095 |
| 10 | R-URBAN (കേന്ദ്ര ഫണ്ട്) പദ്ധതി | 2019-20 | PWD | 10000000 | വിവരം ലഭ്യമല്ല | 10000000 |
| 11 | R-URBAN (കേന്ദ്ര ഫണ്ട്) പദ്ധതി | 2019-20 | മൈനർ ഇറിഗേഷൻ | 15500000 | വിവരം ലഭ്യമല്ല | 15500000 |
| 12 | R-URBAN (കേന്ദ്ര ഫണ്ട്) പദ്ധതി | 2019-20 | KSEB | 14081955 | വിവരം ലഭ്യമല്ല | 14081955 |
| 13 | 43/20,പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 3,50,000 | വിവരം ലഭ്യമല്ല | 3,50,000 |
| 14 | R-URBAN (കേന്ദ്ര ഫണ്ട്) പദ്ധതി ബഡ്സ് റീഹാബിലിറ്റേഷൻ | 2020-21 | WAPCOS | 1500000 | വിവരം ലഭ്യമല്ല | 1500000 |
| 15 | R-URBAN (കേന്ദ്ര ഫണ്ട്) പദ്ധതി വട്ടംകുളം മിനിസ്റ്റേഡിയം നിർമ്മാണം | 2020-21 | WAPCOS | 910000 | വിവരം ലഭ്യമല്ല | 910000 |
| 16 | R-URBAN (കേന്ദ്ര ഫണ്ട്) പദ്ധതി സോളാർ സ്ഥാപിക്കൽ | 2020-21 | WAPCOS | 2991900 | വിവരം ലഭ്യമല്ല | 2991900 |
| 17 | 260/21,ജൽജീവൻ മിഷൻ പദ്ധതി | 2020-21 | KWA | 4,80,000 | വിവരം ലഭ്യമല്ല | 4,80,000 |
| 18 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ S021/22 | 2021-22 | KSEB | 199402 | വിവരം ലഭ്യമല്ല | 199402 |

മേൽ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.02/8.11.2023)ക്ക് ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം ബന്ധപ്പെട്ട ഏജൻസികളിൽ

നിന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അഡ്വാൻസ് രജിസ്റ്ററിൽ സമ്പൂർണ്ണ വിവരം ചേർത്ത് ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സ്ഥിതി വിവരം കാലികമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന് ചട്ടപ്രകാരമുള്ള കയറ്റ്, ഇറക്ക് സ്ഥലം ഏർപ്പെടുത്തിയില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29 (7) പ്രകാരം 700 ച.മീറ്ററിൽ അധികം തറ വിസ്തീർണ്ണമുള്ള വാണിജ്യ /കച്ചവട വിനിയോഗ തരത്തിലുള്ള കെട്ടിടങ്ങൾക്ക് നിർദ്ദിഷ്ട പാർക്കിങ് സ്ഥലത്തിന് പുറമേ (ആകെ തറ വിസ്തീർണ്ണം 700 ച.മീറ്റർ കവിഞ്ഞുള്ള ഓരോ 1000 ച.മീറ്ററിന് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഒന്ന് എന്ന നിരക്കിൽ പ്ലോട്ടിനുള്ളിൽത്തന്നെ കയറ്റിറക്ക് സ്ഥലങ്ങൾ ഓരോന്നും 30 ച.മീറ്റർ എന്ന തോതിൽ) കയറ്റിറക്ക് സ്ഥലവും ഒരുക്കേണ്ടതാണ്.

ശ്രീ. അബ്ദുള്ളക്കുട്ടി, പുളിയങ്കോട് (വീട്), വട്ടംകുളം എന്നവർ കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടം പണിയാൻ ഉദേശിക്കുന്ന പ്ലോട്ടിൽ കയറ്റ്, ഇറക്ക് സ്ഥലം ഏർപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നമ്പർ | SC4/2889/2022 Dtd 21.06.2022 |
| പെർമിറ്റ് നമ്പർ | SC-BA(263265)/2022 Dtd 11.08.2022 |
| തറ വിസ്തീർണം | 738.89 ച.മീ (626- Existing + 111.91- Proposed) |
| കയറ്റിറക്ക് സ്ഥലത്തിന് ആവശ്യമായ വിസ്തീർണം | 30 ച.മീറ്റർ |

ആവശ്യമായ കയറ്റ്,ഇറക്ക് സ്ഥലം ഒരുക്കാതെ കെട്ടിടം പണിയുന്നതിന് പെർമിറ്റ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.4/22-23 തിയ്യതി : 09.11.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള കയറ്റ്,ഇറക്ക് സ്ഥലം ഏർപ്പെടുത്താത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| **ക്രമ നമ്പർ** | **സ്ഥാപനം** | **2022-23 ൽ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം** |
|---|---|---|
| 1 | കെ വി ആർ ഓട്ടോമൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 2 | മലബാർ ഡെന്റൽ കോളേജ് | രണ്ടാം അർദ്ധ വർഷം |
| 3 | NFSA ഗോഡൗൺ | രണ്ടാം അർദ്ധ വർഷം |
| 4 | MORE , Edappal | രണ്ടാം അർദ്ധ വർഷം |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/13.11.2023 ന് മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 മരുന്ന് മുഴുവൻ ലഭ്യമായില്ല

2022-23 ൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ "ഹോമിയോ

ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (പ്രൊജക്ട് നം.9/23)" എന്ന പദ്ധതിയുടെ ഭാഗമായി 400,000 രൂപ (ബിൽ നം.22151252035200838638/29.112022) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) നിന്ന് പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്,ആലപ്പുഴ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട് (Invoice No. PF-119/16.7.2022). എന്നാൽ താഴെ പറയും പ്രകാരം ആകെ 225853 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നം | ഇൻ വോയ്സ് നം/തിയ്യതി | തുക |
|---|---|---|
| 1 | L.F -874/5.8.23 | 23083 |
| 2 | L.F 1686/12.10.23 | 202770 |
| | ആകെ | 225853 |

ബാക്കി 174147 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.3/8.11.23) മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി .എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി .എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2022- 23 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പിലാക്കിയ MCF സെന്റർ ഇലക്ട്രിഫിക്കേഷൻ എന്ന ഇലക്ട്രിക്കൽ പ്രവൃത്തിയിൽ (പ്രൊജക്ട് നം.55/23)മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് താഴെ പറയും പ്രകാരമാണ് തുക നൽകേണ്ടിയിരുന്നത്

* എസ്റ്റിമേറ്റ് തയ്യാറാക്കൽ -1000 (.5% Of 195964 മിനിമം 1000)

* ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക,

അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക - 2939 ( 1.5% Of 195964 മിനിമം 2000)

* ചെക്ക് മെഷർ ചെയ്യുന്നതിന് - 1000 (.5% Of 195964 മിനിമം 1000)

---------------

ആകെ 4939

എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ല് അനുവദിച്ചപ്പോൾ ആകെ മൂല്യനിർണ്ണയത്തോടൊപ്പം 6765 കൂട്ടി ആയത് ശ്രീ .അബ്ദുൾ ഗഫൂർ കെ.എൻ അസി.എഞ്ചിനീയർ(റിട്ട) ക്ക് നൽകിയിട്ടുണ്ട്.(A/C No.57003537507)അധികം 1826(6765-4939) നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കൽ ,ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക,അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കുള്ളതുകയെല്ലാം ഒരേ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം

വാങ്ങിയതായും കാണുന്നില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 5/10.11.23 ) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 1826 രൂപ (6765-4939) ഈടാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി മുഴുവൻ തുകയും ഒരേ വ്യക്തിക്ക് നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-17 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ -പൂർത്തീകരണ വിവരം ലഭ്യമല്ല

തദ്ദേശ സ്വയം വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം DB3/753/2013/CE/LID&EW തി.10.11.2022 ,പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ 31.10.2022 ലെ സർക്കുലർ നം.PAN/3173/2021-1(DP) എന്നിവ പ്രകാരം 30.11.2022 നകം R -Track Data Collection And Processingപൂർത്തികരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ ആപ്ലിക്കേഷൻ വഴിയും ആണ് പദ്ധതി നടപ്പിലാക്കുന്നത് .ഗ്രാമ പഞ്ചായത്ത് റോഡ് ട്രാക്ക് എന്ന പദ്ധതിക്കായി (309/23) 26600 രൂപ തനത് ഫണ്ടിൽ നിന്നും പിൻ വലിച്ച് ശ്രീ സുഭാഷ് കെ.ജി എന്നിവർക്ക് നൽകിയിട്ടുണ്ട്.(വൗച്ചർ നം.22201145/30.3.23)പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.6/10.11.23) മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് നൽകിയത് -തുടർ നടപടി വിവരം ലഭ്യമല്ല

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം ഇൻവെസ്റ്റിഗേഷൻ ചാർജ്ജും അനുബന്ധ ചെലവുകളും എന്ന പദ്ധതിക്കായി(പ്രൊജക്റ്റ് നം.310/23) 321679 രൂപ തനത് ഫണ്ടിൽ നിന്ന് Continuing Education Centre Govt. Engineering College Thrissur ന് നൽകിയിട്ടുണ്ട്.(ചെക്ക് നം.1544861/23.3.2023) പ്രെഫോർമ ഇൻവോയ്സ് നം PI/231-27 /19.1.23പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്കാണ് തുക നൽകിയിട്ടുള്ളത്

| | | |
|---|---|---|
| 1 | Soil Investigation Charges For 3 Bore Hole @Rs 40000 | 120000 |
| 2 | Structural Design Charges(17954 Sqft@8.5/sqft) | 152609 |
| 3 | GST | 49070 |
| | Total | 321679 |

മേൽ 2 ഇനങ്ങൾ ചെയ്ത തിന്റെ വിവരം,വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.8/10.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയല്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ശ്രീ. ഹംസ കടുങ്ങാംകുന്നത്ത് & ശ്രീമതി. റംല എന്നവർ റീ-സർവ്വേ നമ്പർ- 140/1-22 404 M2 പ്ലോട്ടിൽ റെസിഡൻഷ്യൽ ആവശ്യാർത്ഥമുള്ള കെട്ടിട നിർമാണത്തിന് കെട്ടിട നമ്പർ (4/19 B, 4/19C) അനുവദിക്കുന്നതിനായി നൽകിയ അപേക്ഷ (SC4- 8603/22 തി: 11.11.2022 ) പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ 65.16 M2 വിസ്തീർണമുള്ള രണ്ട് റസിഡൻഷ്യൽ ബിൽഡിംഗുകളാണുള്ളത്. മേൽ കെട്ടിടത്തിന്റെ ഫോറം 6 പരിശോധിച്ചതിൽ റെസിഡൻഷ്യൽ ഹോം സ്റ്റേ ഗണത്തിലാണ് കെട്ടിടം ഉൾപ്പെടുത്തിയിട്ടുള്ളത്. 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(1), 5 പ്രകാരം റെസിഡൻഷ്യൽ ഫ്ലാറ്റുകൾ , പാർപ്പിടാവശ്യത്തിനുള്ള കെട്ടിടഗണത്തിലാണ്

ഉൾപ്പെടുത്തേണ്ടത്.

2. സ.ഉ(അ) നം. 36/2015/തസ്വഭവ തിയ്യതി 24-2-2015, എസ് ആർ ഒ നം 100/2015 പ്രകാരം ഹോം സ്റ്റേകൾക്ക് നികുതി നിരക്ക് 30 മുതൽ 60 വരെയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഫോറം 6 പരിശോധിച്ചതിൽ 20 രൂപയാണ് അടിസ്ഥാന നികുതി നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.18/22-23 Dtd 14.11.2023 ന് മറുപടി ലഭ്യമായില്ല. വസ്തു നികുതി തെറ്റായി നിർണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ക്രമവത്ക്കരണ അപേക്ഷകൾ - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം നിർമ്മാണം ക്രമവൽക്കരിച്ച് കിട്ടുന്നതിനായി 2022-23 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ ഏതാനം എണ്ണം ILGMS മുഖേന പരിശോധിച്ചു. താഴെപ്പറയുന്ന അപേക്ഷകൾ പ്രകാരമുള്ള നിർമ്മാണങ്ങളിൽ അപാകതകളും വിവിധ ചട്ടങ്ങളുടെ ലംഘനവും ഉള്ള വിവരം അപേക്ഷകരെ അറിയിച്ചിട്ടുള്ളതാണ്.

| ഫയൽ നം | ഫയൽ തിയ്യതി | അപേക്ഷകന്റെ പേര് | നിർമ്മാണത്തിന്റെ തരം |
|---|---|---|---|
| 400922/BPRL01/GPO/2022/10788 | 31-12-2022 | C P Alibava Haji | പാർപ്പിടം |
| 400922/BPRL01/GPO/2023/38 | 30-12-2022 | Hassan | പാർപ്പിടം |
| 400922/BPRL01/GPO/2022/10742 | 30-12-2022 | Nabeesu And Others | പാർപ്പിടം |
| 400922/BPRL01/GPO/2022/10711 | 29-12-2022 | Aminakutty | പാർപ്പിടം |
| 400922/BPRL01/GPO/2022/10689 | 29-12-2022 | Aboobacker And Others Kakkattil | പാർപ്പിടം |
| 400922/BPRL01/GPO/2022/10635 | 27-12-2022 | Shani | പാർപ്പിടം |
| 400922/BPRL01/GPO/2023/10615 | 27-12-2022 | ASHRAF VADAKKETHIL | പാർപ്പിടം |
| 400922/BPRL01/GPO/2022/10573 | 24-12-2022 | Venugopalan | പാർപ്പിടം |
| 400922/BPRL01/GPO/2022/10553 | 24-12-2022 | Santha | പാർപ്പിടം |
| 400922/BPRL01/GPO/2022/10447 | 21-12-2022 | Moideen Kutty EP | പാർപ്പിടം |
| 400922/BPRL01/GPO/2022/10375 | 19-12-2022 | Moideen And Fathima | പാർപ്പിടം |
| 400922/BPTT01/GPO/2022/9033 | 17-12-2022 | Indus Tower Ltd | ടവർ |
| 400922/BPRL01 | 14-12-2022 | Sudha | പാർപ്പിടം |

| | | | |
|---|---|---|---|
| /GPO/2022/10161 | | | |
| 400922/BPRL01 /GPO/2022/10153 | 14-12-2022 | Moidu | പാർപ്പിടം |
| 400922/BPRL01 /GPO/2022/9966 | 08-12-2022 | Sasidharan And Beena | പാർപ്പിടം |
| 400922/BPRL01 /GPO/2022/9094 | 08-12-2022 | Nejila And Ramseena | പാർപ്പിടം |
| 400922/BPRL01 /GPO/2022/9181 | 08-12-2022 | Lathika E C And Others | പാർപ്പിടം |
| 400922/BPRL01 /GPO/2022/9923 | 07-12-2022 | Sivadasan | പാർപ്പിടം |
| 400922/BPRL01 /GPO/2022/5248 | 07-12-2022 | K Noufal | പാർപ്പിടം |
| 400922/BPRL01 /GPO/2022/9400 | 01-12-2022 | Shivan | പാർപ്പിടം |
| 400922/BPRL01 /GPO/2022/4021 | 29-11-2022 | Rajani And Radabai | പാർപ്പിടം |
| 400922/BPRL01 /GPO/2022/9265 | 28-11-2022 | Sreedev Kavupra Kanayoor Manakkal | പാർപ്പിടം |
| 400922/BPRL01 /GPO/2022/9263 | 28-11-2022 | Muhammed Shafi And Rukkiya | പാർപ്പിടം |
| 400922/BPRL01 /GPO/2022/9244 | 26-11-2022 | Akshay And Arjun | പാർപ്പിടം |
| 400922/BPRL01 /GPO/2022/9231 | 26-11-2022 | Mani | പാർപ്പിടം |
| 400922/BPRL01 /GPO/2022/9197 | 25-11-2022 | Ajitha Surendran | പാർപ്പിടം |

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പഞ്ചായത്തിലെ ഇത്തരം കെട്ടിടങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കി വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി നമ്പർ.19/22-23 Dtd 14 .11.2023 ന് മറുപടി ലഭ്യമായില്ല)

## 1-21 റോഡ് തരം തെറ്റായി രേഖപ്പെടുത്തി

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മുസ്തഫ, കൊട്ടിലിൽ | 18/174B(വാണിജ്യം) 34.8ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **6 മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 ഫസ്റ്റ് ഹാഫ് മുതൽ നികുതി പ്രാബല്ല്യം |
| | | 18/174C(വാണിജ്യം) 17.4 ച മീ | |
| 2 | മുഹമ്മദാലി മുതുമുറ്റത്ത് പുത്തൻപുരക്കൽ | 4/C (വാണിജ്യം) 82.06.58ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **16 മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 ഫസ്റ്റ് ഹാഫ് മുതൽ നികുതി പ്രാബല്ല്യം |
| | | 4/D (വാണിജ്യം) 17.1 ച മീ | |
| | | 4/E (വാണിജ്യം) 32.03 ച മീ | |

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 21/22-23 Dtd 14 .11.2023 ക്ക് മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഫോറം 6 സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ക്രമവത്ക്കരണ ഫീ കുറവായി ഈടാക്കി

എൻക്വയറി നമ്പർ.20/22-23 Dtd 14 .11.2023

2011, 2019 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയിച്ചതുമായ കെട്ടിടങ്ങളുടെ 2022-23 വർഷത്തെ ഫയലുകൾ പരിശോധിച്ചതിൽ ക്രമവത്ക്കരണ ഫീ കുറവായി ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ഫയൽ നം., വിശദാംശങ്ങൾ | ക്രമവത്ക്കരണ ഫീ ഈടാക്കിയത് | ക്രമവത്ക്കരണ ഫീ ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|
| 13742/21 തി:20.12.2021 മൊയ്തുണ്ണി, കൊരട്ടിയിൽ വാണിജ്യകെട്ടിടം Permitted Area:141.07 Completed Area: 168.89 അധിക നിർമ്മാണം: 27.82 | 390/- | 27.82 * 20= 556.4 /- | 166.4 |

| | | | |
|---|---|---|---|
| | | | |
| 3214/2022 തി: 25.06.2022 Completed Area:101.22 | 1951/- | 101.22 * 20 = 2024.4 | 73.4 |

മേൽ കെട്ടിടങ്ങളുടെ ക്രമവത്ക്കരണ ഫീ കുറവായി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതും, കുറവായി ഈടാക്കിയ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-23 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിക്കാണുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ,മാവേലി സ്റ്റോറുകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17/2022-23/13.11.2023 ന് റേഷൻ കടകളിൽ നിന്നും, മാവേലി സ്റ്റോറുകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല

പട്ടികപ്പെടുത്തിയ വിവരണങ്ങൾ പ്രകാരം സെക്രട്ടറി നടത്തിയ ചെലവുകൾ സംബന്ധിച്ച്, പരാമർശിച്ച അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | വിവരണം | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | 3/23 SSA വിഹിതം അടവാക്കൽ (ബിൽ:22151252002100552437/27.8.22) | 615000 (വികസന ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം |
| 2 | 4/23 SSA വിഹിതം അടവാക്കൽ (ബിൽ:22151252002100552441/27.8.22) | 619615 (SCP) | വിനിയോഗ സാക്ഷ്യപത്രം |
| 3 | പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠന കേന്ദ്രം വണ്ടൂർ കെട്ടിട നിർമ്മാണം-സംഭാവന (വൗച്ചർ:22200593/11.11.2022) | 5000 (തനത് ഫണ്ട്) | കൈപ്പറ്റ് രശീതി |
| 4 | ആരോഗ്യമേള -മെഡിക്കൽ ഓഫീസർക്ക് | 5000 | കൈപ്പറ്റ് രശീതി, |

| | | | |
|---|---|---|---|
| | നൽകിയത് (വൗച്ചർ:22200594/11.11.2022) | (തനത് ഫണ്ട്) | വനിയോഗ രേഖകൾ |
| 5 | വൗച്ചർ:22200860/03.01.2022 | 10000 (തനത് ഫണ്ട്) | തുക ആർക്ക് നൽകി?, വനിയോഗ രേഖകൾ |
| 6 | ഡെസ്റ്റിനേഷൻ ചലഞ്ച് -കാലഞ്ചാടി കുന്ന് ടൂറിസം (ചെക്ക് നം. 18700/31.12.22 ) | 47940 (തനത് ഫണ്ട്) | ക്വട്ടേഷൻ/ടെണ്ടർ രേഖകൾ, അംഗീകൃത പ്രൊജക്ട് രേഖകൾ |
| | **ആകെ** | **13,02,555** | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.24/14.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 13,02,555രൂപ തടസ്സം ചെയ്യുന്നു

## 1-25 ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല.

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി നപ്പാക്കിയ "ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര പുരയിട കൃഷി വ്യാപന പദ്ധതി" (103/2022-23) എന്ന പ്രൊജക്ടിന്റെ ഭാഗമായി , 5,70,000 രൂപ ചെലവഴിച്ച് (ബിൽ നം: 22151252034901519986, തി: 28.3.2023 തുക: 427500, ചെക്ക് നം: 1594863 , തി: 31.3.2023 തുക:142500 ) , ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി , 4750 Potting Mixture ഉൾപെടെയുള്ള മൺചട്ടികൾ ടെണ്ടർ നടപടികൾ കൂടാതെ വട്ടംകുളം എക്കോ ഷോപ്പ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് കൃഷി ഓഫീസർക്ക് 9/10.11.2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സാധാരണ എക്കോ ഷോപ്പിൽ നിന്നും പരമാവധി കുറഞ്ഞ വിലയിലാണ് ലഭ്യമാവുക എന്ന നിഗമനത്തിലാണ് , ടെണ്ടർ നടപടികൾ കൂടാതെ വട്ടംകുളം എക്കോ ഷോപ്പ് എന്ന സ്ഥാപനത്തിൽ നിന്നും ചട്ടികൾ വാങ്ങിയത് എന്നാണ് കൃഷി ഓഫീസർ മറുപടി നൽകിയത്. സർക്കാർ അനുമതിയുള്ള പക്ഷം മാത്രം സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും , സർക്കാർ നിർദ്ദേശിക്കുന്ന സാധനങ്ങൾ മാത്രം നേരിട്ട് വാങ്ങാവുന്നതും അല്ലാത്ത പക്ഷം ടെണ്ടർ നടപടികളിലൂടെ പർച്ചേസ് നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ വാങ്ങൽ നടപടിയ്ക്ക് ചെലവ് വന്ന 5,70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ക്യാഷ് ബുക്കിലെ Closing Balance ന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസറുടെ ക്യാഷ് ബുക്ക് പ്രകാരം 31.3.2023 ലെ Closing Balance 16780 രൂപയാണ്. ലഭ്യമാക്കിയ ക്യാഷ് ബുക്കുകൾ പ്രകാരം ഈ തുക 24.7.2019 മുതൽ Closing Balance ആയി തുടർന്ന് കൊണ്ടിരിക്കുന്നതാണ്. അതിന് മുമ്പുള്ള ക്യാഷ് ബുക്കുകൾ , ബാങ്ക് പാസ് ബുക്ക് എന്നിവ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക ഏതിനത്തിലെ ബാലൻസ് തുകയാണെന്ന് വ്യക്തമല്ല. പഞ്ചായത്തിൽ നിന്ന് അനുവദിക്കുന്ന ഫണ്ടുകൾ മാത്രം രേഖപ്പെടുത്തുന്ന പ്രസ്തുത ക്യാഷ് ബുക്കിലെ Closing Balance തുകയായ 16780 രൂപയുടെ വിശദാംശം , ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക് നൽകിയ 10/10.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, പ്രസ്തുത തുക മുൻ ജീവനക്കാരൻ നിലവിലെ ഉദ്യോഗസ്ഥന് കൈമാറിയിട്ടില്ലാത്തതിനാൽ ഈ തുക എതിനത്തിലെ ബാലൻസ് തുകയാണെന്നോ , നിലവിൽ ഈ ക്യാഷ് എവിടെയാണെന്നോ വ്യക്തതില്ല എന്നാണ് അറിയിച്ചത്. ബാലൻസ് തുകയുടെ വിശദാംശങ്ങൾ കണ്ടെത്തി , ആയത് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ട തുകയാണെങ്കിൽ തിരിച്ചടച്ച് വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബാങ്ക് അക്കൌണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 1-27 മരുന്ന് ലഭ്യമാക്കിയിട്ടില്ല.

എ) പി.എച്ച്.സി.- മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതി(14/2022-23) പ്രകാരം മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 699992രൂപ (വൌച്ചർ നം: 22200759/ 16.1.2023) കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 304920 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 395072/-രൂപയുടെ മരുന്ന് ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക്

നൽകിയ 13/10.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് , ഇതിൽ ഏതാനം മരുന്നുകൾ കൂടി ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ ഹാജരാക്കുമെന്നും, അവശേഷിക്കുന്ന മരുന്ന് ലഭ്യമാവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. അഡ്വാൻസ് നല്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമായാൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) പാലിയേറ്റീവ് സൊസൈറ്റിക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതി(267/2022-23) പ്രകാരം മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 199999രൂപ (ബിൽ നം: 22151252035101025778, തി:10.01.2023) കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 121481 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളു. 78518 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക് നൽകിയ 12/10.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് , ഇതിൽ ഏതാനം മരുന്നുകൾ കൂടി ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ ഹാജരാക്കുമെന്നും, അവശേഷിക്കുന്ന മരുന്ന് ലഭ്യമാവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. അഡ്വാൻസ് നല്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**എ) ലൈഫ് ഭവന പദ്ധതി**

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന "ലൈഫ് ഭവന പദ്ധതി" പ്രകാരം മുൻ വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വെച്ച് അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ നാളിതു വരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്ന് ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|
| 1 | മീന ഉള്ളാട്ട് വളപ്പിൽ | 40,000 | 43/ 26.3.21 |
| 2 | വാസന്തി ഉള്ളാട്ട് വളപ്പിൽ | 40,000 | 43/ 26.3.21 |
| 3 | സരോജിനി, അയ്യരാത്തു വളപ്പിൽ | 40,000 | / 8.11.21 |
| 4 | ശോഭ കളപ്പുരക്കൽ | 40,000 | / 8.11.21 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 14/10.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. ഭവന നിർമ്മാണം പൂർത്തികരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**ബി) ലൈഫ് ഭവന പദ്ധതി- പട്ടിക ജാതി**

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കി വരുന്ന "ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി" പ്രകാരം മുൻ വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വെച്ച് അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ നാളിതു വരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്ന് ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|
| 1. | രാജേശ്വരി, വട്ടയത്ത് | 40,000 | 31/ 5.3.21 |
| 2. | സിന്ധു, കൊളക്കാട്ടിൽ പടി | 80,000 | 826179/ 22.12.21 (40,000)<br>61/2023. തി:28.2.23 (40,000) |
| 3. | ശാന്ത പുത്തുപാട്ടു പറമ്പിൽ | 80,000 | 821487/ 8.11.21 (40,000)<br>61/2023. തി:28.2.23 |

| | | | |
|---|---|---|---|
| | | | (40,000) |

ഇതിൽ ക്രമ നമ്പർ 2,3 എന്നീ ഗുണഭോക്താക്കൾക്ക് ആദ്യം നൽകിയ അഡ്വാൻസ് തുകക്ക് പുറമേ, 28.2.23 ന് വീണ്ടും 40,000 രൂപ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. വീണ്ടും അഡ്വാൻസ് അനുവദിക്കാനുണ്ടായ സാഹചര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 14/10.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, ക്രമ നമ്പർ 2,3 എന്നീ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം അഡ്വാൻസ് ആയി നൽകാതെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം ആണ് നിലവിലുള്ളത് എന്ന് വി.ഇ.ഒ. ക്ക് നേരിൽ ബോധ്യപ്പെട്ടത് കൊണ്ടാണ് ആദ്യം നൽകിയ അഡ്വാൻസ് തുകക്ക് പുറമേ, 28.2.23 ന് വീണ്ടും 40,000 രൂപ അഡ്വാൻസ് ആയി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 ടെണ്ടർ നടപടികൾ കൂടാതെ വാട്ടർ പ്യൂരിഫയർ വാങ്ങി

ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണോദ്യോഗസ്ഥൻമാർ വാട്ടർ പ്യൂരിഫയർ തങ്ങളുടെ സ്ഥാപനങ്ങളിലേക്ക് വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ക്രമനമ്പർ 1 സ്കൂളുകളിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ "സ്കൂളുകളിലേക്ക് വാട്ടർ പ്യൂരിഫയർ" (255/2022-23) എന്ന പ്രൊജക്ട് പ്രകാരം സ്കൂളുകളിൽ സ്ഥാപിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 741180 രൂപ ചെലവഴിച്ച് , ടെണ്ടർ നടപടികൾ കൂടാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറ്റർപ്രൈസസ് ലി. എന്ന സ്ഥാപനത്തിൽ നിന്നും 11 വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട് (ബിൽ നം: 22151252038101221116, തി:24.12.2023) . സർക്കാർ അനുമതിയുള്ളപക്ഷം KSIE യിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി എന്ന് 18.10.2022 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ഉണ്ടെങ്കിലും , പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങളുടെ സ്പെസിഫിക്കേഷനും വിലയും വ്യക്തമാക്കുന്ന ഉത്തരവ് ഫയലിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഹെഡ്മാസ്റ്റർക്ക് നൽകിയ 11/10.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയോടൊപ്പം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്യാവുന്ന സാധനങ്ങളുടെ വിവരം ഉൾപ്പെടുത്തിയ സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ രജിസ്ട്രേഷൻ ഫോം ഹാജരാക്കിയെങ്കിലും പ്രസ്തുത ലിസ്റ്റിൽ , വാട്ടർ പ്യൂരിഫയർ ഉൾപ്പെടുന്നില്ല.

ക്രമനമ്പർ 2 അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ "അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ" (251/2022-23) എന്ന പ്രൊജക്ട് പ്രകാരം അംഗനവാടികളിൽ സ്ഥാപിക്കുന്നതിനായി , 17 വാട്ടർ പ്യൂരിഫയർ ടെണ്ടർ നടപടികൾ കൂടാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറ്റർപ്രൈസസ് ലി. എന്ന സ്ഥാപനത്തിൽ നിന്നും വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ഉപയോഗിച്ച് 630700 രൂപക്ക് വാങ്ങിയിട്ടുണ്ട്. (ബിൽ നം.300/10.3.23) 2.11.2022 ലെ 6/1 പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം പ്രകാരം സർക്കാർ ഏജൻസിയായ KSEI യിൽ നിന്ന് വാങ്ങാൻ തീരുമാനം ഉണ്ടെങ്കിലും , പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങളുടെ സ്പെസിഫിക്കേഷനും വിലയും വ്യക്തമാക്കുന്ന ഉത്തരവ് ഫയലിൽ ഉൾപ്പെട്ടതായി കാണുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/22-23 തി:14.11.2023 ന് മറുപടി ലഭ്യമായില്ല. ടെൻഡർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങളുടെ വിലയും സ്പെസിഫിക്കേഷനും വ്യക്തമാക്കുന്ന ഉത്തരവ്, അനുബന്ധ രേഖകളോടൊപ്പം ഹാജരാക്കേണ്ടതാണ്. സർക്കാർ അംഗീകാരം നൽകിയ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭ്യമായ ഇനങ്ങൾ ഒഴികെ ഉള്ളവ ടെണ്ടർ നടപടികളിലൂടെ മാത്രം പർച്ചേസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വാട്ടർ ATM പ്രവർത്തിക്കുന്നില്ല

പ്രൊജക്ട് : 256/23 വാട്ടർ എ.ടി.എം

നിർവ്വഹണം : സെക്രട്ടറി

22151252002101402816/18.3.23 :6,92,270 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

KSIE യുടെ TVMBC-0255/22-23/12.01.23 ടാക്സ് ഇൻവോയ്സ് പ്രകാരം 6,92,270 രൂപ വിനിയോഗിച്ച് നടുവട്ടം ത്വാഹാ മസ്ജിദിന് സമീപം വാട്ടർ എ.ടി.എം സ്ഥാപിച്ചിട്ടുണ്ട്. ATM ലേക്കുള്ള വെള്ളം മസ്ജിദിൽ നിന്നും സൗജന്യമായി നൽകാൻ കരാറായിട്ടുണ്ട്. 1രൂപ, 5രൂപ കോയിൻ നിക്ഷേപിക്കുമ്പോൾ യഥാക്രമം 1 ലി., 5ലി. ശുദ്ധീകരിച്ച വെള്ളം

എടുക്കാൻ കഴിയുന്നതാണ് വിഭാവനം ചെയ്തതെങ്കിലും 1രൂപ, 2രൂപ കോയിൻ നിക്ഷേപിച്ച് യഥാക്രമം 1ലി.ശുദ്ധീകരിച്ച സാധാരണ ജലവും തണുത്ത ജലവും എടുക്കുന്നതാണ് സ്ഥാപിച്ചിരിക്കുന്നത്.ഓഡിറ്റ് ആരംഭിക്കുന്ന വേളയിൽ പ്രസ്തുത എ.ടി.എം. പ്രവർത്തിക്കുന്നില്ലെന്നും തകരാർ പരിഹരിക്കുന്നതിന് KSIE യ്ക്ക് ഒരു മാസം മുമ്പേ കത്തയച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനം നാളിതുവരെ പ്രതികരിച്ചിട്ടില്ലെന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും വാക്കാൽ അറിയിച്ചിരുന്നു.കരാർ പ്രകാരം ഒരു വർഷം മാത്രമാണ് വാറണ്ടിയുള്ളത്.നിലവിൽ KSIE തകരാർ പരിഹരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

എ.ടി.എം ൽ നിന്നുള്ള കോയിനുകൾ എണ്ണിതിട്ടപ്പെടുത്തി ഫണ്ടിൽ ഒടുക്കുന്നതു വരെയുള്ള നടപടി ക്രമങ്ങൾ ഉൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടില്ല.

നാളിതുവരെയുള്ള കളക്ഷൻ വിവരം ലഭ്യമാക്കിയിട്ടില്ല.

കരാറിൽ വാറണ്ടി കാലയളവിന് ശേഷമുള്ള മെയിന്റനൻസ് (നവീന സംവിധാനമായതിനാൽ)സംബന്ധിച്ച് നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി(26/14.11.2023) നൽകി. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-31 ടെക്നിക്കൽ സർവീസ് - ആദായ നികുതി പിടിച്ച് അടവാക്കിയിട്ടില്ല

പ്രൊജക്ട്: 206/23, ഹരിത സഹായ സ്ഥാപനത്തിന് തുക അനുവദിക്കൽ

നിർവ്വഹണം : സെക്രട്ടറി

22151252002101520109/28.3.23 :1,88,104 (വികസന ഫണ്ട് ജനറൽ)

ചെക്ക് നമ്പർ : 1594837/20.12.22 :53,744 (തനത് ഫണ്ട്)

ആകെ :2,41,848

ഇൻകം ടാക്സ് നിയമം 194J സെക്ഷൻ പ്രകാരം 30000 രൂപയ്ക്ക് മുകളിലുള്ള ടെക്നിക്കൽ സർവീസ് പേയ്മെന്റുകൾക്ക് 2% TDS നടത്തണം. മേൽ പ്രൊജക്ട് പ്രകാരം ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ പ്രവർത്തനങ്ങൾക്ക് IRTC മുണ്ടൂരിന് നൽകിയ പേയ്മെന്റുകൾക്ക് പ്രസ്തുത ടി.ഡി.എസ്.നടത്തിയിട്ടില്ല. നികുതി പിടിച്ച് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2% നികുതി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് വസൂലാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2022-23 | വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക | ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി |

| | | |
|---|---|---|
| | ധനകാര്യപത്രിക പരിശോധിച്ചു. | ചേർത്തിരിക്കുന്നു. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| District Panchayats | 1134750 | 101 സമഗ്ര നെൽ കൃഷി വികസനം | 1134750 | 0 |
| | 200000 | 145 പാൽ സബ്സിഡി | 200000 | 0 |
| | 248000 | 89 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 248000 | 0 |
| Block Panchayats | 2090000 | 105 ലൈഫ് പദ്ധതി (SC) | 2090000 | 0 |
| | 200000 | 104 ലൈഫ് പദ്ധതി | 200000 | 0 |
| | 175000 | 145 പാൽ സബ്സിഡി | 175000 | 0 |
| | 810000 | 101 സമഗ്ര നെൽ കൃഷി വികസനം | 810000 | 0 |
| | 350000 | 89 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 350000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 84/23, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലിന് കെ.എസ്.ഇ.ബി.ക്ക് തുക അടവാക്കൽ | 2200748/21.12.22 | 74259 | 411598 | പൂർത്തീകരിച്ചു | 0 |
| | | 220920/07.02.23 | 12544 | | | |
| | | 220116/28.03.23 | 6491 | | | |
| | | 2215125200210109151 1/25.01.23 | 19053 | | | |
| | | 2215125200210151981 5/28.03.23 | 60495 | | | |
| | | 22152520022101819955/28.03.23 | 23711 | | | |
| | | 2215252002101520177/28.03.23 | 9866 | | | |
| | | 2215252002101819636/28.03.23 | 15442 | | | |
| | | 22200739/17.12.22 | 21253 | | | |
| | | XY1594814/16.09.22 | 47157 | | | |
| | | 22200969/24.02.23 | 12785 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 2201049/08.03.23 | 30488 | | | |
| | | 2201112/27.03.23 | 5815 | | | |
| | | 2201116/28.03.23 | 6491 | | | |
| | | ലഭ്യമല്ല | 65748 | | | |
| | | ആകെ | 411598 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Loan From KURDFC | ലഭ്യമല്ല | 0 | 20268598 | 3225162 | 0 | 170,43,436 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2020-21 | 3-2 | 8605 | AE LSGD | 1220102858 Dtd 16/09/2022 |
| 2021-22 | 3 | 5613 | AE LSGD & RAGHUL CLERK | 1220109532&12201093559 Dtd 30/01/2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1994-96 | 16 | 2000-01 | വിനോദനികുതി പിരിച്ചതിൽ കുറവ് | നടപടി തുടരുന്നു |
| 1994-96 | 22 | 2000-01 | സോഡിയം വേപ്പർ ലാമ്പ് നഷ്ടം | നടപടി തുടരുന്നു |
| 2011-12,12-13 | 3-1 | 2014-15 | നിഷ്ക്രിയ ആസ്തികൾ അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2-1,2-2 | 2016-17 | വസ്തു നികുതി,തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2015-16 | 2-2 | 2016-17 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും | തുക | |

| | | | | തിയതിയും | | |
|---|---|---|---|---|---|---|
| 1 | 2005-06 | 2-2 | വാസു കൊല്ലത്തേരി | LF8591/SPL.CELL /SC.D1/2012 Dated25.02.15 | 8236 | തടസ്സം തുടരുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 221183360 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 211753873 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2220834 |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 26600 | ശ്രീ.സന്തോഷ് കുമാർ എം.കെ ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 3,21,679 | ശ്രീ.സന്തോഷ് കുമാർ എം.കെ ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24(ഭാഗികം) | 12,34,615 | ശ്രീ.ജ്യോതിഷ് കുമാർ കെ.വി, സെക്രട്ടറി |
| 1-24(ഭാഗികം) | 67,940 | ശ്രീ.ഹരിദാസൻ പി എസ്,സെക്രട്ടറി |
| 1-25 | 5,70,000 | ഡോ.ഗായത്രി രാജശേഖരൻ, കൃഷി ഓഫീസർ |
| ആകെ | 2220834 | |

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

**ഇല്ല**

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 (ചെലവ്) | കെ.എസ്.എ.എം.പി.എം10/2290 /2019(1) 18-11-2020 | 3 |
| 2 | 1999-00 | കെ.എസ്.എ.എം.പി.എം10/2290 /2019(2) 2-12-2020 | 2 |
| 3 | 2002-03 | കെ.എസ്.എ.എം.പി.എം10/2290 /2019(3) 3-12-2020 | 4 |

| | | | |
|---|---|---|---|
| 4 | 2005-06 | കെ.എസ്.എ.എം.പി.എം10/2290 /2019(6) 3-12-2020 | 7 |
| 5 | 2006-07 | കെ.എസ്.എ.എം.പി.എം10/2517 /2019(1) 5-12-2020 | 2 |
| 6 | 2007-08 | കെ.എസ്.എ.എം.പി.എം10/2517 /2019(2) 8-12-2020 | 14 |
| 7 | 2008-09 | കെ.എസ്.എ.എം.പി.എം10/2517 /2019(3) 8-12-2020 | 2 |
| 8 | 2009-10 | കെ.എസ്.എ.എം.പി.എം10/2517 /2019(4) 8-12-2020 | 10 |
| 9 | 2010-11 | കെ.എസ്.എ.എം.പി.എം.10/2189 /2022(1), 03-10-22 | 09 |
| 10 | 2011-12 , 2012-13 | കെ.എസ്.എ.എം.പി.എം.10/2189 /2022(2), 03-10-22 | 08 |
| 11 | 2013-14,14-15 | കെ.എസ്.എ.എം.പി.എം10/2189 /2022(3), 03-10-22 | 16 |
| 12 | 2015-16 | കെ.എസ്.എ.എം.പി.എം17/20/2017, 26-3-18 | 22 |
| 13 | 2016-17 | കെ.എസ്.എ.എം.പി.എം10/1975/2022 തീയതി 12-09-2022 | 09 |
| 14 | 2017-18 | കെ.എസ്.എ.എം.പി.എം.10/418/2019 തീയതി 12.7.19 | 22 |
| 15 | 2018-19 | കെ.എസ്.എ.എം.പി.എം.10/1976 /2022, 13.09.2022 | 19 |
| 16 | 2019-20 | കെ.എസ്.എ.എം.പി.എം.10/2163 /2021/3-5-22 | 11 |
| 17 | 2020-21 | കെ.എസ്.എ.എം.പി.എം.10/2164 /2021/25-7-22 | 11 |
| 18 | 2021-22 | കെ.എസ്.എ.എം.പി.എം.10/208 /2023/23-05-2023 | 29 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(2) dated 20-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vattamkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vattamkulam Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vattamkulam Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

- The following mandatory financial statements prescribed in accounting rules are not submitted for audit.
  1. Ratios.
  2. Comparative amounts.
- Cashflow Statement Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
- Bank reconciliation statement is not maintained every month attested

- Depreciation statement is not produced for audit
- ACR for some of the grants are not produced.
- ACR and AFS are not reconciled in respect of development fund (General) and development fund (SCP)
- Interest from loan was wrongly entered in the loan- receipt head
- Annual abstract of license, building permit/regularization, proffesional Tax demand registers, have not been prepared and certified, so it has not been possible to check whether the demand, collection and balance are consistent with the annual financial statement.
- Loan register is not produced for audit
- deposit and advance registers are not up to date
- Closing balance of SBI does not match with Bank Book Balance.
- No action has been taken to reconciled, the amounts added as directly debited by bank in the bank reconciliation statement.
- Bank reconciliation statements are not produced for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്